**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3940** **06-08-2021 - ൽ മറുപടിയ്ക്ക്**

**എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേരളതീരത്തെ കടലിൽ നിന്നും അന്യസംസ്ഥാന ബോട്ടുകൾ അതിശക്തമായ എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ച് വൻതോതിൽ മത്സ്യബന്ധനം നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അതിശക്തമായ വെളിച്ചം ഉപയോഗിച്ച് ചെറുമീനുകളെ ഉൾപ്പെടെ ആകർഷിച്ച കൂട്ടത്തോടെ പിടിക്കുന്ന രീതിയാണ് ഇവർ പിൻതുടരുന്നതെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. ഇതു തടയുന്നതിനായി 12 വാട്സിന് മുകളിലുള്ള പ്രകാശം ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റും ഫിഷറീസ് വകുപ്പും പട്രോളിംഗ് കർശനമാക്കുകയും നിയമലംഘനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ യാനം പിടിച്ചെടുത്ത് പിഴ ഈടാക്കുന്നുമുണ്ട്. കൂടാതെ, മത്സ്യഗ്രാമങ്ങൾ വഴി നടത്തുന്ന ബോധവത്ക്കരണ പരിപാടി കളിലൂടെ ഇത്തരം മത്സ്യബന്ധന ത്തിനെതിരെ മത്സ്യത്തൊഴിലാളി കൾക്കിടയിൽ അവബോധം സൃഷ്ടിക്കാൻ നടപടികൾ കൈ ക്കൊണ്ടിട്ടുണ്ട്. നിരോധനം കേരളത്തിലെ യാനങ്ങൾക്കും അന്യസംസ്ഥാന യാനങ്ങൾക്കും ബാധകമാണ്. സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ പ്രദേശത്തിനപ്പുറം ലൈറ്റുപയോഗിച്ചുള്ള മത്സ്യ ബന്ധനം കേന്ദ്രസർക്കാർ നിരോധിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം മത്സ്യബന്ധനം നടത്തുമ്പോൾ വലകളിൽ കുടുങ്ങാത്ത മത്സ്യങ്ങൾ ആഴങ്ങളിലേക്ക് പോയി മറ്റ് വൻമത്സ്യങ്ങൾക്ക് ഇരയാകുമെന്ന വിദഗ്ധാഭിപ്രായം സർക്കാർ പരിശോധിക്കുമോ; | (സി) | ഉണ്ട്. ഇതു തടയുന്നതിനായി 12 വാട്സിന് മുകളിലുള്ള പ്രകാശം ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റും ഫിഷറീസ് വകുപ്പും പട്രോളിംഗ് കർശനമാക്കുകയും നിയമലംഘനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ യാനം പിടിച്ചെടുത്ത് പിഴ ഈടാക്കുന്നുമുണ്ട്. കൂടാതെ, മത്സ്യഗ്രാമങ്ങൾ വഴി നടത്തുന്ന ബോധവത്ക്കരണ പരിപാടി കളിലൂടെ ഇത്തരം മത്സ്യബന്ധന ത്തിനെതിരെ മത്സ്യത്തൊഴിലാളി കൾക്കിടയിൽ അവബോധം |

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കാൻ നടപടികൾ കൈ കൊണ്ടിട്ടുണ്ട്. നിരോധനം കേരളത്തിലെ യാനങ്ങൾക്കും അന്യസംസ്ഥാന യാനങ്ങൾക്കും ബാധകമാണ്. സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ പ്രദേശത്തിനപ്പുറം ലൈറ്റുപയോഗിച്ചുള്ള മത്സ്യ ബന്ധനം കേന്ദ്രസർക്കാർ നിരോധിച്ചിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം മത്സ്യബന്ധനം നടത്തുന്നത് മറ്റു സംസ്ഥാനങ്ങളിൽ നിരോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | മറ്റ് സംസ്ഥാനങ്ങളുടെ അധീനതയിലുള്ള തീരക്കടൽ പ്രദേശത്ത് (ടെറിട്ടോറിയൽ സീ) ഇത്തരം വിലക്കു സംബന്ധിച്ച വിവരം ലഭ്യമല്ല. എന്നാൽ കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള മത്സ്യബന്ധന വകുപ്പ് സംസ്ഥാനങ്ങളുടെ തീരക്കടൽ പരിധി (ടെറിട്ടോറിയൽ സീ) കഴിഞ്ഞുള്ള സമുദ്ര ഭാഗത്ത് (EEZ) ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യ ബന്ധനം നിരോധിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ